**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5150.** **23.03.2018 ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ആഭിമുഖ്യത്തിൽ വൈവിധ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ-സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി വിദ്യാർത്ഥികളെയും, യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനു വേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തി വരുന്നത്. ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്ക്കരണ ക്ലാസുകൾ പി.റ്റി.എ. കളുമായി സഹകരിച്ചു കൊണ്ട് ബോധവത്ക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും, |

| | | | |
|---|---|---|---|
| | | | വേദന സംഹാരികളും മനോരോഗചികിത്സയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഉപയോഗിക്കുന്നത് തടയുന്നതിനായി എല്ലാജില്ലകളിലെയും ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെയും, മെഡിക്കൽ സ്റ്റോർ ഉടമകളുടെ അസോസിയേഷൻ പ്രതിനിധികളുടെയും, യോഗം വിളിച്ചുകൂട്ടി, മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ വിദ്യാലയങ്ങളുടെ 100 യാർഡ് ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളും മറ്റുലഹരിവസ്തുക്കളും വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ശക്തമായ എൻഫോഴ്സ്മെൻറ് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br>വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു. |
| (ബി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിദ്യാർത്ഥി രക്ഷാകർത്തൃ അധ്യാപക സമിതിയെ വിനിയോഗിച്ച് കർമ്മ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കർമ്മ സേനയ്ക്ക് രൂപം നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**